©
കേരള സർക്കാർ
Government of Kerala
2021

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2021-2023

# കേരള ഗസറ്റ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY



| | | | | |
|---|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2021 ജൂൺ 8<br>8th June 2021<br>1196 ഇടവം 25<br>25th Idavam 1196<br>1943 ജ്യേഷ്ഠം 18<br>18th Jyaishta 1943 | നമ്പർ<br>No. | 23 |



# PART III

# Fire Force Department

### ദർഘാസ്/ലേല പരസ്യം

നമ്പർ എഫ്-3023/2020. 2021 ഏപ്രിൽ 28.

അഗ്നിരക്ഷാസേവന വകുപ്പ് വക നെയ്യാറ്റിൻകര അഗ്നിരക്ഷാ നിലയത്തിലെ വാട്ടർ ലോറി, കെ. എൽ. 01, എ 6652 (ടാറ്റാ ബെൻസ് 1989 മോഡൽ) ഇപ്പോഴത്തെ സ്ഥിതിയിലും അവസ്ഥയിലും 10-8-2021-ന് രാവിലെ 11 മണിക്ക് നെയ്യാറ്റിൻകര അഗ്നിരക്ഷാ നിലയത്തിൽവച്ച് പരസ്യമായി ലേലം ചെയ്ത് കൊടുക്കുന്നതാണ്.

ലേലത്തോടൊപ്പം മുദ്രപതിച്ച ടെണ്ടറുകളും ക്ഷണിച്ചു കൊള്ളുന്നു. ടെണ്ടറുകൾ 7-8-2021-ാം തീയതി പകൽ 5 മണിവരെ നേരിട്ടോ തപാൽ മുഖേനയോ സ്വീകരിക്കുന്നതാണ്. 5 മണിക്കുശേഷം ലഭിക്കുന്ന ടെണ്ടറുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. മുദ്ര പതിപ്പിച്ച ടെണ്ടറുകൾ ഉൾക്കൊള്ളുന്ന കവറിന്റെ പുറത്ത് "അഗ്നിരക്ഷാ സേവന വകുപ്പ് നെയ്യാറ്റിൻകര അഗ്നിരക്ഷാ നിലയം വക വാട്ടർ ലോറി, കെ. എൽ. 01 എ 6652 വാങ്ങുന്നതിനുള്ള ടെണ്ടർ" എന്ന് എഴുതിയിരിക്കണം. ടെണ്ടറുകൾ ഡിവിഷണൽ ആഫീസർ, അഗ്നിരക്ഷാ സേവനം, ഗവൺമെന്റ് പ്രസ് പി. ഒ., ഹൗസിംഗ് ബോർഡ് ജംഗ്ഷൻ, ചെങ്കൽചൂള, തിരുവനന്തപുരം-1 എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്. പരസ്യ ലേലത്തിനുശേഷം നേരത്തെ ലഭിച്ചിട്ടുള്ള ടെണ്ടറുകൾ തുറക്കുന്നതും ലേലത്തിൽ കേട്ട തുകയോ ടെണ്ടറിൽ കൊടുത്ത തുകയോ ഏതാണ് കൂടുതൽ ആ തുകയ്ക്ക് താൽക്കാലികമായി ലേലം ഉറപ്പിക്കുന്നതുമാണ്. ലേലത്തിൽ പങ്കെടുക്കുന്നവർ ടെണ്ടർ നൽകിയിരിക്കണമെന്ന് നിർബന്ധമില്ല.

ലേലത്തിൽ പങ്കെടുക്കുവാനാഗ്രഹിക്കുന്നവർ ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പായി ₹ 2,000 നിരതദ്രവ്യമായി അടയ്ക്കേണ്ടതാണ്. ടെണ്ടർ നൽകുവാൻ ആഗ്രഹിക്കുന്നവർ നിരതദ്രവ്യമായി ₹ 2,000-ന്റെ ക്രോസ് ചെയ്യാത്ത ബാങ്ക് ഡ്രാഫ്റ്റ് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, വെള്ളയമ്പലം ബ്രാഞ്ചിൽ മാറ്റത്തക്കവിധം റീജിയണൽ ഫയർ ആഫീസർ, അഗ്നിരക്ഷാ സേവനം, ഹൗസിംഗ് ബോർഡ് ജംഗ്ഷൻ, തിരുവനന്തപുരം-1 എന്ന വിലാസത്തിൽ ടെണ്ടറിനോടൊപ്പം അയയ്ക്കേണ്ടതാണ്. നിരതദ്രവ്യമില്ലാത്ത ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല. ടെണ്ടറുകൾ സമർപ്പിച്ചവർ തങ്ങളുടെ ടെണ്ടറുകൾ സ്വീകരിക്കുന്നപക്ഷം പണം അടയ്ക്കേണ്ടതിലേക്കായി ലേല സമയത്ത് ഹാജരായിരിക്കേണ്ടതാണ്. ടെണ്ടറുകൾ നൽകിയവർക്കും ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. എന്നാൽ അവർ വീണ്ടും നിരതദ്രവ്യം അടയ്ക്കേണ്ടതില്ല.

ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം വിളിക്കുന്ന ആളിന്റെ/ടെണ്ടർ നൽകുന്ന ആളിന്റെ പേരിൽ ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതും പ്രസ്തുത വ്യക്തി ലേലം/ടെണ്ടർ കൊണ്ട തുകയുടെ 25% അപ്പോൾത്തന്നെ അടയ്ക്കേണ്ടതുമാണ്. ലേലം സ്ഥിരപ്പെടുത്തി ഉത്തരവ് ലഭിച്ച് 15 ദിവസത്തിനകം ബാക്കി തുകയും മൊത്തം തുകയ്ക്കുള്ള വിൽപ്പന നികുതിയും ഒടുക്കി ടി വ്യക്തി സ്വന്തം ഉത്തരവാദി ത്വത്തിലും ചെലവിലും വാഹനം നീക്കം ചെയ്യേണ്ടതാണ്. ലേലം/ടെണ്ടർ സ്ഥിരപ്പെടുത്തുന്ന ആളിന്റെ ഒഴികെയുള്ളവരുടെ നിരതദ്രവ്യം ലേലം കഴിഞ്ഞാലുടൻ മടക്കിക്കൊടുക്കുന്നതാണ്.

ഏതെങ്കിലും കാരണവശാൽ ലേലം/ദർഘാസ് സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ ലേലനിബന്ധനകൾ ലംഘിക്കുക യാണെങ്കിൽ ടിയാൻ അടച്ച തുക സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും വാഹനം പുനർലേലം ചെയ്യുന്നതുമായിരിക്കും. പുനർ ലേലത്തിൽ എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയത് മുൻ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതും കൂടുതലായി കിട്ടുന്ന തുകയ്ക്ക് മുൻ ലേലക്കാരനു അവകാശം ഇല്ലാത്തതും ആകുന്നു.

ലേലത്തിൽ പങ്കെടുക്കുന്നവരും ടെണ്ടർ സമർപ്പിച്ചവരും മേൽപ്പറഞ്ഞ നിബന്ധനകൾ അതേപടി പാലിക്കേണ്ടതാണ്. ലേലത്തിൽ പങ്കെടുക്കുവാൻ/ടെണ്ടർ നൽകുവാൻ ആഗ്രഹിക്കുന്നവർക്ക് നെയ്യാറ്റിൻകര അഗ്നിരക്ഷാ നിലയത്തിൽ വച്ച് സ്റ്റേഷൻ ഓഫീസറുടെ അനുമതിയോടെ പ്രവൃത്തി ദിവസങ്ങളിൽ ഓഫീസ് സമയത്ത് മേൽപ്പറഞ്ഞ വാഹനം പരിശോധിക്കാവുന്നതാണ്.

യാതൊരു കാരണവും കാണിക്കാതെ ലേലം/ടെണ്ടർ നടപടികൾ മാറ്റിവയ്ക്കുന്നതിനും റദ്ദാക്കുന്നതിനും ടെണ്ടറുകൾ അസ്ഥിരപ്പെടുത്തുന്നതിനും താഴെ ഒപ്പുവച്ചിരിക്കുന്ന ഓഫീസർക്ക് പൂർണ്ണ അധികാരമുണ്ടായിരിക്കുന്നതാണ്.

റീജിയണൽ ഫയർ ഓഫീസറുടെ,
കാര്യാലയം, (ഒപ്പ്)
തിരുവനന്തപുരം. റീജിയണൽ ഫയർ ഓഫീസർ.

---

## ദർഘാസ്/ലേല പരസ്യം

നമ്പർ എ2-18/2021. 2021 ഏപ്രിൽ 26.

അഗ്നിരക്ഷാസേവന വകുപ്പിന് ഉപയോഗ യോഗ്യമല്ലാത്ത തകഴി അഗ്നിരക്ഷാനിലയത്തിലെ വാട്ടർ ടെണ്ടർ കെ. എൽ. 01-എ. ബി. 2317 എന്ന വാഹനം (2002 മോഡൽ) ഇപ്പോഴത്തെ സ്ഥിതിയും അവസ്ഥയും പരിഗണിച്ച് 15-7-2021-ന് രാവിലെ 11 മണിയ്ക്ക് തകഴി അഗ്നിരക്ഷാ നിലയത്തിൽ വച്ച് ലേലം/ടെണ്ടർ വഴി വിൽപ്പന നടത്തുന്നതാണ്. എന്തെങ്കിലും സാങ്കേതിക കാരണങ്ങളാൽ അന്നേ ദിവസം ലേല നടപടികൾ പൂർത്തീകരിക്കാൻ സാധിക്കാതെ വന്നാൽ 22-7-2021 അല്ലാത്ത പക്ഷം 27-7-2021-ാം തീയതിയിൽ മേൽപ്പറഞ്ഞ സമയത്തും സ്ഥലത്തും വച്ച് ലേലം നടത്തുന്നതാണെന്നറിയിക്കുന്നു.

### ലേല നിബന്ധനകൾ

1. ലേലത്തിൽ പങ്കെടുക്കുവാനാഗ്രഹിക്കുന്നവർ മേൽ പറഞ്ഞിരിക്കുന്ന തീയതിയിൽ ലേലസ്ഥലത്ത് ഹാജരായി ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പായി ₹ 5,000 (അയ്യായിരം രൂപ മാത്രം) നിരതദ്രവ്യം അടച്ച് ടോക്കൺ വാങ്ങേണ്ടതാണ്.

2. ടി വാഹനം ടെണ്ടർ വഴി വാങ്ങാൻ ആഗ്രഹിക്കുന്നവർ ലേലത്തീയതിയുടെ രണ്ട് പ്രവർത്തി ദിവസം മുമ്പ് പകൽ 3 മണിവരെ നേരിട്ടോ തപാൽവഴിയോ ടെണ്ടർ സമർപ്പിക്കേണ്ടതാണ്. 3 മണിക്കുശേഷം ലഭിക്കുന്ന ടെണ്ടറുകൾ യാതൊരുകാരണവശാലും സ്വീകരിക്കുന്നതല്ല. ടി വാഹനത്തിന് നിരതദ്രവ്യമായി പറഞ്ഞിരിക്കുന്ന ₹ 5,000-ന്റെ ക്രോസ് ചെയ്യാത്ത ബാങ്ക് ഡ്രാഫ്റ്റ് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കോട്ടയം ബ്രാഞ്ചിൽ മാറത്തക്കവിധം റീജിയണൽ ഫയർ ഓഫീസർ, ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ്, കോട്ടയം-686 001 എന്ന വിലാസത്തിൽ എടുത്ത് വെള്ളക്കടലാസിൽ തയ്യാറാക്കിയ ടെണ്ടറിനോടൊപ്പം സീൽ ചെയ്ത കവറിൽ അടക്കം ചെയ്യേണ്ടതാണ്. ഡിമാന്റ് ഡ്രാഫ്റ്റ് അടക്കം ചെയ്യാത്ത ടെണ്ടറുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. മുദ്രപതിപ്പിച്ച ടെണ്ടറുകൾ ഉൾക്കൊള്ളുന്ന കവറിനുമുകളിൽ "അഗ്നിരക്ഷാ സേവനവകുപ്പ്, തകഴി അഗ്നിരക്ഷാനിലയം വാട്ടർ ടെണ്ടർ കെ. എൽ. 01-എ. ബി. 2317 എന്ന വാഹനം വാങ്ങുന്നതിനുള്ള ടെണ്ടർ'' എന്ന് എഴുതിയിരിക്കണം. ടെണ്ടർ സമർപ്പിച്ചവർ തങ്ങളുടെ ടെണ്ടറുകൾ സ്വീകരിക്കുന്നപക്ഷം പണം അടയ്ക്കേണ്ടതി ലേക്കായി ലേല സമയത്ത് ലേല സ്ഥലത്ത് ഹാജരായിരി ക്കേണ്ടതാണ്. ടെണ്ടർ നൽകിയവർക്കും ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. എന്നാൽ അവർ വീണ്ടും നിരതദ്രവ്യം അടയ്ക്കേണ്ടതില്ല.

3. പരസ്യലേലം അവസാനിച്ചാൽ നേരത്തെ ലഭിച്ചിട്ടുള്ള ടെണ്ടറുകൾ തുറക്കുന്നതും ലേലത്തിലോ ടെണ്ടറിലോ ഏതിലാണോ കൂടുതൽ തുക വിളിച്ചിരിക്കുന്നത്/രേഖപ്പെടുത്തിയിരിക്കുന്നത് ആ തുക വിളിച്ച്/രേഖപ്പെടുത്തിയ വ്യക്തിയുടെ പേരിൽ ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതും പ്രസ്തുത വ്യക്തി ലേലം/ടെണ്ടർ കൊണ്ട തുകയുടെ 25% അപ്പോൾ തന്നെ അടയ്ക്കേണ്ടതുമാണ്. ലേലം സ്ഥിരപ്പെടുത്തിക്കൊണ്ട് ഹെഡ്ക്വാർട്ടേഴ്സിൽ നിന്നും ഉത്തരവ് ലഭിച്ച് 15 ദിവസത്തിനകം ബാക്കി തുകയും മൊത്തം തുകയ്ക്കുള്ള വില്പന നികുതിയും ഒടുക്കി സ്വന്തം ഉത്തരവാദിത്വത്തിലും ചെലവിലും വാഹനം നീക്കം ചെയ്യേണ്ടതാണ്. ലേലം/ടെണ്ടർ സ്ഥിരപ്പെടുത്തുന്ന വ്യക്തി ഒഴികെയുള്ളവരുടെ നിരതദ്രവ്യം ലേലം കഴിഞ്ഞാലുടൻ മടക്കിക്കൊടുക്കുന്നതാണ്. ഏതെങ്കിലും കാരണവശാൽ ലേലം/ടെണ്ടർ സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ ലേല നിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ അടച്ച തുക സർക്കാരിലേക്ക് മുതൽകൂട്ടുന്നതും വാഹനം പുനർ ലേലം ചെയ്യുന്നതുമായിരിക്കും. പുനർ ലേലത്തിൽ എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയത് മുൻപ് ലേലംകൊണ്ട വ്യക്തിയിൽ നിന്നും ഈടാക്കുന്നതും കൂടുതലായി കിട്ടുന്ന തുകയ്ക്ക് മുൻപ് ലേലം കൊണ്ട വ്യക്തിക്ക് അവകാശം ഇല്ലാത്തതും ആകുന്നു.

4. ലേലത്തിൽ പങ്കെടുക്കുന്നവരും ടെണ്ടർ സമർപ്പിച്ചവരും മേൽപ്പറഞ്ഞ നിബന്ധനകൾ അതേപടി പാലിക്കേണ്ടതാണ്. ലേലത്തിൽ പങ്കെടുക്കുവാൻ/ടെണ്ടർ നൽകുവാൻ ആഗ്രഹിക്കുന്നവർക്ക് വാഹനം സൂക്ഷിച്ചിരിക്കുന്ന തകഴി അഗ്നിരക്ഷാ നിലയത്തിലെ അസി. സ്റ്റേഷൻ ഓഫീസറുടെ അനുമതിയോടെ പ്രവർത്തി ദിവസങ്ങളിൽ ഓഫീസ് സമയത്ത് വാഹനം പരിശോധിക്കാവുന്നതാണ്.

5. യാതൊരു കാരണവും കാണിക്കാതെ ലേലം/ടെണ്ടർ നടപടികൾ മാറ്റിവയ്ക്കുന്നതിനും റദ്ദാക്കുന്നതിനും ടെണ്ടറുകൾ അസ്ഥിരപ്പെടുത്തുന്നതിനും താഴെ ഒപ്പ് വെച്ചിരിക്കുന്ന ഓഫീസർക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

റീജിയണൽ ഫയർ
ഓഫീസറുടെ കാര്യാലയം, (ഒപ്പ്)
കോട്ടയം. റീജിയണൽ ഫയർ ഓഫീസർ.

---

## ലേല പരസ്യം

നമ്പർ സി-11/2018. 2021 മേയ് 6.

അഗ്നിരക്ഷാസേവന വകുപ്പ് വക തൃശ്ശൂർ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് അക്കാദമി കോമ്പൗണ്ടിൽ അപകടകരമായി നിൽക്കുന്നതും നിലം പതിച്ചതുമായ 38 എണ്ണം മരങ്ങൾ (36 തേക്കു മരങ്ങൾ, 1 അകേഷ്യ, 1 ഇലവ്) ഇപ്പോഴത്തെ സ്ഥിതിയിൽ 5-8-2021-ന് പകൽ 11.30 മണിക്ക് അക്കാദമി പരിസരത്ത് വെച്ച് പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതാണ്.

പരസ്യ ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ 5-8-2021-ന് ലേല സ്ഥലത്ത് ഹാജരായി പകൽ 11 മണിക്ക് മുമ്പായി ₹ 4,200 (നാലായിരത്തി ഇരുന്നൂറ് രൂപ മാത്രം) നിരതദ്രവ്യം അടച്ച് ടോക്കൺ വാങ്ങേണ്ടതാണ്.

ഏറ്റവും കൂടിയ തുകയ്ക്ക് ലേലം വിളിക്കുന്ന ആളിന്റെ പേരിൽ ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതും പ്രസ്തുത വ്യക്തി ലേല തുകയുടെ പകുതി (നിരതദ്രവ്യം ഉൾപ്പെടെ) അപ്പോൾതന്നെ അടയ്ക്കേണ്ടതും ലേലം സ്ഥിരപ്പെടുത്തി ഉത്തരവ് ലഭിച്ച് 15 ദിവസങ്ങൾക്കുള്ളിൽ നിയമാനുസൃത നികുതി സഹിതം ബാക്കി തുക ഒടുക്കി സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും ലേല സാധനങ്ങൾ അക്കാദമി പരിസരത്ത് നിന്നും നീക്കം ചെയ്യേണ്ടതുമാണ്. നിശ്ചിത ദിവസത്തിനുള്ളിൽ ലേല സാധനങ്ങൾ നീക്കം ചെയ്തില്ലെങ്കിൽ ആയതിന് സംഭവിക്കുന്ന യാതൊരു കഷ്ട നഷ്ടങ്ങൾക്കും കേരള ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പോ സർക്കാരോ ഉത്തരവാദിയായിരിക്കുന്നതല്ല.

ലേലം സ്ഥിരപ്പെടുത്തിയ ആൾ ഒഴികെയുള്ളവരുടെ നിരതദ്രവ്യം ലേലം കഴിഞ്ഞാലുടൻ മടക്കി നൽകുന്നതാണ്. ലേലം സ്ഥിരപ്പെടുത്തി കിട്ടുന്ന ആൾ ഏതെങ്കിലും കാരണവശാൽ ലേലനിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ ഒടുക്കിയ തുക സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും ടി സാധനങ്ങൾ പുനർലേലം ചെയ്യുന്നതുമായിരിക്കും. പുനർ ലേലത്തിൽ എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയത് മുൻ ലേലക്കാരനിൽനിന്നും റവന്യൂ റിക്കവറി ചട്ടങ്ങൾ പ്രകാരം ഈടാക്കുന്നതാണ്. പുനർ ലേലത്തിൽ മുൻ ലേലത്തുകയേക്കാൾ കൂടുതലായി തുക ലഭിക്കുകയാണെങ്കിൽ പ്രസ്തുത തുകയിൽ മുൻ ലേലക്കാരന് യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല.

ലേലത്തിൽ പങ്കെടുക്കുന്നവർക്ക് വിയ്യൂർ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് അക്കാദമി റീജിയണൽ ഫയർ ഓഫീസറുടെ അനുമതിയോടെ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10-നും വൈകിട്ട് 5-നും ഇടയിലുള്ള സമയങ്ങളിൽ മേൽ വിവരിച്ച മരങ്ങൾ പരിശോധിയ്ക്കാവുന്നതാണ്.

ലേലത്തിൽ പങ്കെടുക്കുന്നതിന് മുദ്രവച്ച ടെണ്ടറുകൾ സമർപ്പിക്കാവുന്നതാണ്. മുദ്രവച്ച ടെണ്ടറുകളിൽ മേൽ വിവരിച്ച നിരതദ്രവ്യ തുകയായി ₹ 4,200-ന്റെ ഡിമാന്റ് ഡ്രാഫ്റ്റ് (സീനിയർ സൂപ്രണ്ട്, ഫയർ ആന്റ്റെസ്ക്യൂ സർവ്വീസസ് അക്കാദമിയുടെ പേരിൽ തൃശ്ശൂരിൽ മാറാവുന്ന തരത്തിൽ) ഉൾപ്പെടുത്തിയിരിക്കേണ്ടതും ലേലത്തുക (അക്കത്തിലും അക്ഷരത്തിലും) വ്യക്തമാക്കിയിരിക്കേണ്ടതുമാണ്. മുദ്രവച്ച ടെണ്ടറുകൾ 4-8-2021-ന്, 5 മണിക്ക് മുമ്പ് റീജിയണൽ ഫയർ ഓഫീസർ, ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് അക്കാദമി, എഞ്ചിനീയറിംഗ് കോളേജ് പി. ഒ., തൃശ്ശൂർ എന്ന മേൽവിലാസമെഴുതിയ കവറിൽ അക്കാദമി ഓഫീസിൽ സമർപ്പിച്ചിരിക്കേണ്ടതാണ്. കവറിനുമുകളിൽ "Tender for auction of Teakwood" എന്ന് രേഖപ്പെടുത്തിയിരിക്കണം. യഥാസമയത്തല്ലാതെയും വ്യവസ്ഥകൾ പാലിക്കാതെയും ലഭിക്കുന്ന മുദ്രവെച്ച ടെണ്ടറുകൾ നിരുപാധികം നിരസിക്കുന്നതാണ്. യാതൊരു കാരണവും കാണിക്കാതെ ലേല നടപടികൾ മാറ്റി വെയ്ക്കുന്നതിനും മറ്റും ചെയ്യുന്നതിന് താഴെ ഒപ്പ് വെച്ചിരിക്കുന്ന ഓഫീസർക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ്
അക്കാഡമി, (ഒപ്പ്)
വിയ്യൂർ. റീജിയണൽ ഫയർ ഓഫീസർ.

---

## ലേല/ദർഘാസ് പരസ്യം

നമ്പർ സി-991/2021. 2021 മേയ് 5.

ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പിന് ഉപയോഗയോഗ്യമല്ലാത്ത കാഞ്ഞങ്ങാട്, തൃക്കരിപ്പൂർ എന്നീ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകളിലെ താഴെ കാണിച്ചിരിന്ന വാഹനങ്ങൾ ഇപ്പോഴത്തെ സ്ഥിതിയിലും അവസ്ഥയിലും താഴെ കാണിച്ചിരിക്കുന്ന തീയതിയിൽ ബന്ധപ്പെട്ട അഗ്നിരക്ഷാ നിലയങ്ങളിൽ വച്ച് ലേലം/ടെണ്ടർ വഴി വിൽപ്പന നടത്തുന്നതാണ്.

| ക്രമ നമ്പർ | വാഹനത്തിന്റെ തരം, രജി. നമ്പർ, മോഡൽ, സൂക്ഷിച്ചിരിക്കുന്ന സ്ഥലം. | ലേല സ്ഥലം |
|---|---|---|
| 1 | Emergency Tender Kl-01-P-9115 Asok Layland, 1998 Model ഫയർ & റെസ്ക്യൂ സ്റ്റേഷൻ, കാഞ്ഞങ്ങാട് | ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ കാഞ്ഞങ്ങാട്. |
| 2 | Water Tender Kl-01-AD-6548 Asok Layland, 2003 Model ഫയർ & റെസ്ക്യൂ സ്റ്റേഷൻ, തൃക്കരിപ്പൂർ | ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ തൃക്കരിപ്പൂർ. |

നിരതദ്രവ്യം—₹ 2,000.

ലേല തീയതിയും സമയവും—ക്രമ നമ്പർ 1-ന് 13-7-2021, 11 മണി. ക്രമനമ്പർ 2-ന് 13-7-2021, 3 മണി

1. പരസ്യ ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ മേൽ കാണിച്ച തീയതിയിൽ ലേല സ്ഥലത്ത് ഹാജരായി ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പ് നിരതദ്രവ്യം അടച്ച് ടോക്കൺ വാങ്ങേണ്ടതാണ്.

2. മേൽ കാണിച്ച വാഹനം ടെണ്ടർവഴി വാങ്ങാൻ ആഗ്രഹിക്കുന്നവരുടെ സീൽചെയ്ത ടെണ്ടറുകൾ (ഓരോ വാഹനത്തിനും പ്രത്യേകം) റീജിയണൽ ഫയർ ഓഫീസർ, ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ്, കണ്ണൂർ-670 017 എന്ന മേൽവിലാസത്തിൽ ടി വാഹനങ്ങളുടെ ലേല തീയതിയുടെ രണ്ട് പ്രവൃത്തി ദിവസം മുമ്പ് പകൽ 3 മണിക്കകം ടി ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്. വെള്ളക്കടലാസിൽ തയ്യാറാക്കിയ ടെണ്ടറിനോടൊപ്പം നിർദ്ദിഷ്ട തുകയ്ക്കുള്ള നിരതദ്രവ്യം ₹ 2,000 റീജിയണൽ ഫയർ ഓഫീസർ, ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ്, കണ്ണൂർ-670 017 എന്ന പേരിൽ വാങ്ങിയ ഡിമാന്റ് ഡ്രാഫ്റ്റ് (ക്രോസ് ചെയ്യാത്തത്) അടക്കം ചെയ്യേണ്ടതാണ്. ഡിമാന്റ് ഡ്രാഫ്റ്റ് അടക്കം ചെയ്യാത്ത ടെണ്ടറുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. ടെണ്ടറുകൾ അടങ്ങിയ കവറിന് മുകളിൽ ഏത് വാഹനത്തിന് വേണ്ടിയാണോ ടെണ്ടർ സമർപ്പിക്കുന്നത് (വാഹനത്തിന്റെ നമ്പർ) പ്രസ്തുത വാഹനം ലേലം കൊള്ളുന്നതിനുള്ള ടെണ്ടർ എന്നും ടെണ്ടർ സമർപ്പിക്കുന്ന ആളുടെ പേരും വ്യക്തമായി കവറിന് മുകളിൽ എഴുതിയിരിക്കണം. നിശ്ചിത സമയത്തിനു ശേഷം ലഭിക്കുന്ന ടെണ്ടറുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. ടെണ്ടറുകൾ സമർപ്പിച്ചവർ തങ്ങളുടെ ടെണ്ടറുകൾ സ്വീകരിക്കുന്നപക്ഷം പണം അടയ്ക്കേണ്ടതിലേക്കായി ലേല സമയത്ത് ഹാജരായിരിക്കേണ്ടതാണ്. ടെണ്ടറുകൾ നൽകിയവർക്കും ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. എന്നാൽ അവർ വീണ്ടും നിരതദ്രവ്യം അടയ്ക്കേണ്ടതില്ല.

3. പരസ്യമായ ലേലംവിളി അവസാനിച്ചാൽ ടെണ്ടറുകൾ തുറക്കുന്നതും ലേലത്തിലോ ടെണ്ടറിലോ ഏതിലാണോ കൂടുതൽ തുക വിളിച്ചിരിക്കുന്നത്/രേഖപ്പെടുത്തിയിരിക്കുന്നത്, ആ തുക വിളിച്ച/രേഖപ്പെടുത്തിയ വ്യക്തിക്ക് ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറൽ അവർകളുടെ സ്ഥിരീകരണത്തിന് വിധേയമായി ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതും പ്രസ്തുത വ്യക്തി ലേലം/ടെണ്ടർ കൊണ്ട തുകയുടെ പകുതി (നിരതദ്രവ്യം ഉൾപ്പെടെ) അപ്പോൾത്തന്നെ ലേല സ്ഥലത്ത് വെച്ച് ഒടുക്കേണ്ടതുമാണ്. ലേലം സ്ഥിരപ്പെടുത്തിക്കൊണ്ടുള്ള ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറൽ അവർകളുടെ ഉത്തരവ് ലഭിച്ചാൽ പ്രസ്തുത വ്യക്തിയെ അറിയിക്കുന്നതും പ്രസ്തുത വ്യക്തി 15 ദിവസത്തിനകം ലേല തുകയുടെ ബാക്കിയും മുഴുവൻ ലേലത്തുകയ്ക്കുള്ള നിയമാനുസൃത നികുതിയും ഒടുക്കി സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും വാഹനം നീക്കം ചെയ്യേണ്ടതുമാണ്. നിശ്ചിത ദിവസത്തിനകം വാഹനം നീക്കം ചെയ്തില്ലെങ്കിൽ ആയതിന് സംഭവിക്കുന്ന യാതൊരു കഷ്ട നഷ്ടങ്ങൾക്കും ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പോ സർക്കാരോ ഉത്തരവാദിയായിരിക്കുന്നതല്ല. ലേലം/ടെണ്ടർ സ്ഥിരപ്പെടുത്തുന്ന ആളിന്റെ ഒഴികെയുള്ളവരുടെ നിരതദ്രവ്യം ലേലം കഴിഞ്ഞാലുടൻ മടക്കി കൊടുക്കുന്നതുമാണ്.

4. ഏതെങ്കിലും കാരണവശാൽ ലേലം/ടെണ്ടർ സ്ഥിരപ്പെടുത്തി കിട്ടുന്ന ആൾ ലേല നിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ ഒടുക്കിയ തുക സർക്കാരിലേക്ക് മുതൽകൂട്ടുന്നതും വാഹനം പുനർ ലേലം ചെയ്യുന്നതുമായിരിക്കും. പുനർ ലേലത്തിൽ എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയത് മുൻ ലേലക്കാരനിൽനിന്നും റവന്യൂ റിക്കവറി ചട്ടങ്ങൾ പ്രകാരം ഈടാക്കുന്നതാണ്. എന്നാൽ പുനർ ലേലത്തിൽ കൂടുതൽ തുക ലഭിക്കുകയാണെങ്കിൽ അതിൽ യാതൊരു അവകാശവും ആദ്യ ലേലക്കാരന് ഉണ്ടായിരിക്കുന്നതുമല്ല.

5. ലേലത്തിൽ പങ്കെടുക്കുന്നവരും ടെണ്ടർ സമർപ്പിക്കുന്നവരും മേൽപ്പറഞ്ഞ നിബന്ധനകൾ അതേപടി പാലിക്കേണ്ടതാണ്. താൽപര്യമുള്ളവർക്ക് മേൽപ്പറഞ്ഞ വാഹനങ്ങൾ കാഞ്ഞങ്ങാട്, തൃക്കരിപ്പൂർ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനിലെ സ്റ്റേഷൻ ഓഫീസർമാരുടെ അനുമതിയോടെ പ്രവൃത്തി ദിവസങ്ങളിൽ ഓഫീസ് സമയത്ത് നേരിട്ട് പരിശോധിക്കാവുന്നതാണ്.

6. യാതൊരു കാരണവും കാണിക്കാതെ ലേലം/ടെണ്ടർ നടപടികൾ മാറ്റിവയ്ക്കുന്നതിനും റദ്ദ് ചെയ്യുന്നതിനും ടെണ്ടറുകൾ അസ്ഥിരപ്പെടുത്തുന്നതിനും താഴെ ഒപ്പ് വച്ചിരിക്കുന്ന ഓഫീസർക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

റീജിയണൽ ഫയർ ഓഫീസറുടെ കാര്യാലയം, കണ്ണൂർ.

(ഒപ്പ്)
റീജിയണൽ ഫയർ ഓഫീസർ.



Salim A Digitally signed by Salim A
Date: 2021.07.20 13:09:01 +05'30'